**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1971** **02-02-2024 - ൽ മറുപടിയ്ക്ക്**

**ലൈസൻസ്, ആർ.സി. ബുക്ക് എന്നിവയുടെ അച്ചടിയും വിതരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലൈസൻസ്, ആർ.സി. ബുക്ക് എന്നിവയുടെ അച്ചടിയും വിതരണവും മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ഇതിനു മുടക്കം വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നവംബർ അവസാന വാരം മുതൽ സംസ്ഥാനത്ത് ലൈസൻസ്, ആർ.സി. ബുക്ക് എന്നിവയുടെ അച്ചടിയും വിതരണവും മുടങ്ങിയിട്ടുണ്ട്. |
| (ബി) | നേരത്തെ അച്ചടിച്ച വകയിലുള്ള കുടിശിക തുക നൽകാത്തതാണോ അച്ചടി മുടങ്ങിയതിനു കാരണം; ആകെ എത്ര ലൈസൻസുകളും ആർ.സി. ബുക്കും ആണ് ഇപ്രകാരം അച്ചടിക്കാതെ മുടക്കം വന്നിട്ടുള്ളത്; ആകെ എത്ര തുകയാണ് കമ്പനിക്ക് കുടിശ്ശിക ഇനത്തിൽ നൽകുവാനുള്ളത്; വിശദമാക്കാമോ; | (ബി) | നേരത്തെ അച്ചടിച്ച വകയിലുള്ള കുടിശിക തുക നൽകാത്തതാണ് അച്ചടി മുടങ്ങിയതിനു കാരണം. 378547 ആർ.സി. കളുടെയും 345305 ലൈസൻസുകളുടെയും അച്ചടിക്ക് മുടക്കം വന്നിട്ടുണ്ട്. 2023 ഓഗസ്റ്റ് മുതൽ 2023 ഡിസംബർ വരെയുള്ള കാലയളവിൽ 8,66,07,473/- രൂപ (എട്ട് കോടി അറുപത്തിയാറ് ലക്ഷത്തി ഏഴായിരത്തി നാന്നൂറ്റി എഴുപത്തിമൂന്ന് രൂപ) കുടിശ്ശിക ഇനത്തിൽ ഐ.റ്റി.ഐ. ലിമിറ്റഡ് ബാംഗ്ലൂർ എന്ന കമ്പനിക്ക് നൽകുവാൻ ഉണ്ട്. |
| (സി) | ഏതു സ്ഥാപനത്തെയാണ് ഇവയുടെ അച്ചടി ചുമതല ഏൽപ്പിച്ചിരുന്നത്; ഈ സ്ഥാപനവുമായുള്ള കരാർ ഒപ്പിട്ടതെന്നാണ്; കരാർ പ്രകാരം എത്ര രൂപ നിരക്കിൽ ആണ് ലൈസൻസും ആർ.സി. ബുക്കും പ്രിൻറ് ചെയ്തു നൽകേണ്ടിയിരുന്നത്; വ്യക്തമാക്കാമോ; | (സി) | കേന്ദ്ര സർക്കാരിനു കീഴിലുള്ള അക്രഡിറ്റഡ് ഏജൻസി ആയ ഐ.റ്റി.ഐ. ലിമിറ്റഡ് ബാംഗ്ലൂർ നെയാണ് അച്ചടി ചുമതല ഏൽപ്പിച്ചത്. പ്രസ്തുത കമ്പനിയുമായുള്ള കരാർ ഒപ്പിട്ടത് 15/04/2023-നാണ്. ലൈസൻസ്/ ആർ.സി. എന്നിവയ്ക്ക് 60 രൂപയും നികുതിയും എന്ന നിരക്കിലാണ് പ്രിന്റ് ചെയ്ത് നൽകുന്നത്. |
| (ഡി) | ഇവ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം പുതുതായി വാഹനം വാങ്ങുന്നവരെയും പുതുതായി ലൈസൻസ് എടുക്കുന്നവരെയും ബുദ്ധിമുട്ടിലാക്കുമെന്നുള്ളതിനാൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ? | (ഡി) | ലൈസൻസ്, ആർ.സി. മുതലായവ അച്ചടിച്ചു നൽകുന്നതിലേക്കായി നേരത്തെ അനുവദിച്ച ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനാൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ